**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6774.** **13.07.2012-ൽ മറുപടിയ്ക്ക്**

## ആരോഗ്യ കേന്ദ്രങ്ങളിലെ രോഗാണു പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ രോഗാണു പരിശോധനയ്ക്കായി എന്തെല്ലാം സംവിധാനമാണ് നിലവിലുളളത്; | (എ) | സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും ചില പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ജനറലാശുപത്രി എന്നിവിടങ്ങളിൽ ചിലയിനം രോഗാണു പിശോധനയ്ക്കും, രോഗനിർണ്ണയത്തിനും വേണ്ട സൗകര്യങ്ങൾ നിലവിലുണ്ട്. കൂടാതെ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി, ജില്ലാതല ലബോറട്ടറികൾ എന്നിവിടങ്ങളിലും രോഗ പരിശോധനാ സൗകര്യങ്ങൾ ലഭ്യമാണ്. രോഗാണു പരിശോധന നടത്തുന്നതിലേയ്ക്കായി എല്ലാ മെഡിക്കൽ കോളേജുകളിലും പാതോളജി/ മൈക്രോബയോളജി/ ബയോകെമിസ്ട്രി വകുപ്പിന്റെ കീഴിൽ വിവിധതരം ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഏതെല്ലാം രോഗങ്ങൾക്കുളള പരിശോധനയാണ് പ്രസ്തുത | (ബി) | സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ചില പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും |

| | | | |
|---|---|---|---|
| | കേന്ദ്രങ്ങൾ വഴി നടത്തുന്നത്; | | മലമ്പനി രോഗനിർണ്ണയത്തിനുള്ള രക്ത പരിശോധനകളും, മൂത്രം, രക്തം, മലം മുതലായവയുകട വിവിധ പരിശോധനാ സൗകര്യങ്ങളും ലഭ്യമാണ്. തിരഞ്ഞെ ടുക്കപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിൽ ക്ഷയരോഗ നിർണ്ണയത്തിനുള്ള പരി ശോധനകളും നിലവിലുണ്ട്. കൂടാതെ ജില്ലാതല ലാബോറട്ടറികളിലും, റീജി യണൽ ലബോറട്ടറികളിലും, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബോറട്ടറികളിലും, മേൽപ്പറഞ്ഞ രോഗങ്ങൾക്ക് പുറമെ എലിപ്പനി, ചിക്കൻഗുനിയ, ഡെങ്കിപ്പനി, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് എന്നീ രോഗങ്ങൾക്കുള്ള പരിശോധനയും നടത്തുന്നുണ്ട്. |
| (സി) | പ്രസ്തുത കേന്ദ്രങ്ങളിലെ പരിശോധന കാര്യക്ഷമമാക്കു വാൻ എന്തെല്ലാം നടപടി കളാണ് സ്വീകരിക്കാനു ദ്ദേശിക്കുന്നത്; വിശദമാ ക്കുമോ? | (സി) | സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, റീജിയണൽ ലാബ് തുടങ്ങിയ എല്ലാ ലബോറട്ടറികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ സംസ്ഥാനത്തെ വിവിധ തലത്തിലുള്ള ലാബോറട്ടറികളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഉപകര ണങ്ങൾ, റീ ഏജന്റ്സ് തുടങ്ങി രോഗനിർണ്ണയത്തിനാവശ്യമായ എല്ലാ സാധനങ്ങളും ലഭ്യമാക്കി വരുന്നുണ്ട്. ഇതിൽ ഓട്ടോ അനലൈസർ, എലിസാ റീഡർ, എന്നീ ആധുനിക ഉപകര ണങ്ങളും ഉൾപ്പെടുന്നു. സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി |

| | | | |
|---|---|---|---|
| | | | സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും രോഗ നിർണ്ണയത്തിനായുള്ള ലാബോറട്ടറി ഉപകരണങ്ങൾ വാങ്ങി നൽകാറുണ്ട്. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബോറട്ടറിയ്ക്ക് ക്വാളിറ്റി കമ്മീഷൻ ഓഫ് ഇൻഡ്യയുടെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. ഇവിടെ പി.സി.ആർ. പോലുള്ള അത്യാധുനിക രോഗ നിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. എൻ.വി.ബി.ഡി.പി., ഐ.എഡി.എസ്.പി. എന്നീ പദ്ധതികൾ ഉൾപ്പെടുത്തി സംസ്ഥാനത്ത് പതിനാല് ജില്ലകളിലെ 20 (ഇരുപത്) ലബോറട്ടറികളെ സെന്റിനൽ സർവൈലൻസ് ലബോറട്ടറികളായി പ്രഖ്യാപിച്ച് ഇവിടെ രോഗ നിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ലബോറട്ടറികളിൽ ജോലി നോക്കുന്ന ജീവനക്കാർക്കാവശ്യമായ പരിശീലനവും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ